"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശ സ്വയം ഭരണ വകുപ്പ് - സമാശ്വാസ തൊഴിൽ ദാന പദ്ധതി - തിരുവനന്തപുരം കോർപ്പറേഷനിൽ സാനിട്ടേഷൻ വർക്കർ തസ്തികയിൽ സേവനമനുഷ്ഠിച്ചുവരവേ മരണപ്പെട്ട അമ്പിളിയുടെ മകൻ ശ്രീ.മണികണ്ഠൻ.എസ് - സാനിറ്റേഷൻ വർക്കർ തസ്തികയിൽ നിയമനം നല്കുന്നതിന് അനുമതി നല്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ(ഇ.യു) വകുപ്പ്

സ.ഉ.(കൈ) നം.105/2022/LSGD തീയതി,തിരുവനന്തപുരം, 18-05-2022

പരാമർശം:-
1. 24/05/1999 തീയതിയിലെ സ.ഉ(പി)നം.12/99/ഉ.ഭ.പ.വ. നമ്പർ ഉത്തരവ്
2. ശ്രീ.മണികണ്ഠൻ.എസ് സമർപ്പിച്ച 30.12.2020 തീയതിയിലെ അപേക്ഷ.
3. നഗരകാര്യ ഡയറക്ടറുടെ 22.06.2021 തീയതിയിലെ ഇ4-7236/2021 നമ്പർ കത്ത്.
4. 21.02.2018 തീയതിയിലെ സ.ഉ.(കൈ) നം. 5/2018/ഉ.ഭ.പ.വ. നമ്പർ ഉത്തരവ്.
5. തിരുവനന്തപുരം ജില്ലാ കളക്ടറുടെ 30.03.2022 തീയതിയിലെ DCTVM/9903/2021-S6 നമ്പർ കത്ത്.
6. 01.11.2021 തീയതിയിലെ സ.ഉ(സാധാ) നം. 2159/2021/ത.സ്വ.ഭ.വ നമ്പർ ഉത്തരവ്

<u>ഉത്തരവ്</u>

സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ജോലി ലഭിക്കുന്നതിന് തിരുവനന്തപുരം കോർപ്പറേഷനിൽ സാനിറ്റേഷൻ വർക്കർ തസ്തികയിൽ സേവനമനുഷ്ഠിച്ചുവരവേ 09.10.2018 തീയതിയിൽ മരണപ്പെട്ട അമ്പിളിയുടെ മകൻ ശ്രീ.മണികണ്ഠൻ.എസ്(പുത്രക്കാട് കോളനി, തോമ്പാമൂട്ടം, റസ്സൽപുരം പി.ഒ, ബാലരാമപുരം,തിരുവനന്തപുരം) അപേക്ഷ സമർപ്പിച്ചിരുന്നു. അമ്പിളിയുടെ സേവനകാലം 03 വർഷവും 03 മാസവും 10 ദിവസവുമാണ്. പരേതയുടെ ജനന തീയതി , സർവ്വീസിൽ പ്രവേശിച്ച തീയതി എന്നിവ യഥാക്രമം 28.02.1969 , 29.06.2015 ആണ്. നഗരകാര്യ ഡയറക്ടറും തിരുവനന്തപുരം ജില്ലാ കളക്ടറും അപേക്ഷകന് ജോലി നല്കുന്നതിന് ശിപാർശ ചെയ്തിട്ടുണ്ട്.

2.അപേക്ഷകൻ പത്താം ക്ലാസ് വരെ പഠിച്ചിട്ടുള്ളതും ടിയാന്റെ ജനന തീയതി 25.05.1988 ആണ്. ടിയാൻ ആശ്രിത നിയമനത്തിനുള്ള അപേക്ഷ സമർപ്പിക്കാൻ 2 മാസത്തെയും 21 ദിവസത്തെയും കാലതാമസം നേരിട്ടിട്ടുള്ളതും പരാമർശം 6-ലെ ഉത്തരവ് പ്രകാരം ടി കാലതാമസം മാപ്പാക്കി നൽകിയിട്ടുള്ളതുമാണ്. ഈ ജോലിക്കായി പരേതന്റെ ആശ്രിതരിൽ മറ്റാരും തന്നെ അപേക്ഷിച്ചിട്ടില്ലായെന്ന് തിരുവനന്തപുരം ജില്ലാ കളക്ടർ വ്യക്തമാക്കിയിട്ടുണ്ട്. പരേതന്റെ ആശ്രിതൻ എന്ന നിലയിൽ അപേക്ഷകനായ ശ്രീ.മണികണ്ഠൻ.എസ്-ന് ജോലി നല്കുന്നതിൽ എതിർപ്പില്ലായെന്ന് പരേതന്റെ മറ്റവകാശികൾ സമ്മതപത്രം ഒപ്പിട്ടു നല്കിയിട്ടുണ്ട്. ശ്രീ.മണികണ്ഠൻ.എസ് വിവാഹിതനാണ്. ടിയാന്റെ ഭാര്യയുടേത് ഉൾപ്പെടെയുള്ള കുടുംബ വാർഷിക വരുമാനം 96,000/-(72,000+24,000) രൂപയാണെന്ന്(തൊണ്ണൂറ്റിആറായിരം രൂപ മാത്രം) ബാലരാമപുരം , പള്ളിച്ചൽ എന്നീ വില്ലേജ് ഓഫീസർമാർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. ശ്രീ.മണികണ്ഠൻ.എസ് പരേതയെ ആശ്രയിച്ചാണ് കഴിഞ്ഞിരുന്നതെന്ന് നെയ്യാറ്റിൻകര തഹസിൽദാർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. കൂടാതെ പരാമർശം 4 പ്രകാരം ആശ്രിതരെ സംരക്ഷിച്ചുകൊള്ളാമെന്നുള്ള സമ്മതപത്രം ടിയാൻ സമർപ്പിച്ചിട്ടുണ്ട്.

3.സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. തിരുവനന്തപുരം കോർപ്പറേഷനിൽ സാനിറ്റേഷൻ വർക്കർ തസ്തികയിൽ സേവനമനുഷ്ഠിച്ചുവരവേ 09.10.2018

തീയതിയിൽ മരണപ്പെട്ട അമ്പിളിയുടെ മകൻ ശ്രീ.മണികണ്ഠൻ.എസ്-ന് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം തിരുവനന്തപുരം ജില്ലയിലെ ഏതെങ്കിലും നഗരസഭയിൽ സാനിറ്റേഷൻ വർക്കർ തസ്തികയിൽ പരാമർശം 1 ലെ ഉത്തരവ് പ്രകാരം നിയമനം നൽകുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു .

4. ബന്ധപ്പെട്ട നഗരസഭാ സെക്രട്ടറി/അർബൻ അഫയേഴ്സ് ഡയറക്ടർ ഒഴിവിന്റെ ലഭ്യതയനുസരിച്ച് മേൽപറഞ്ഞ അപേക്ഷകന് നിയമന ഉത്തരവ് നല്കേണ്ടതാണ്. ടിയാനെ സർവ്വീസിൽ പ്രവേശിപ്പിക്കുന്നതിന് മുമ്പ് സർട്ടിഫിക്കറ്റുകളുടെ അസ്സൽ വാങ്ങി പരിശോധിച്ച് ബോധ്യപ്പെടേണ്ടതും ചട്ട പ്രകാരമുള്ള മറ്റെല്ലാ നടപടി ക്രമങ്ങളും പാലിക്കേണ്ടതുമാണ്. നിയമന വിവരം മരണമടഞ്ഞ ജീവനക്കാരിയുടെ സേവന പുസ്തകത്തിൽ രേഖപ്പെടുത്തി നിയമനാധികാരി സൂക്ഷിക്കേണ്ടതാണ്. അപേക്ഷകന് നല്കുന്ന നിയമന ഉത്തരവിന്റെ പകർപ്പ് പരിശോധനയ്ക്കായി സർക്കാരിൽ ലഭ്യമാക്കേണ്ടതാണ്.

5. ടി ജോലി ലഭിക്കുന്നതിലേക്കായി അപേക്ഷകൻ തെറ്റായ വിവരങ്ങൾ നൽകിയെന്ന് ബോധ്യപ്പെടുന്ന പക്ഷം ഈ ഉത്തരവ് റദ്ദാക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
രമണി മാത്യു
അഡീഷണൽ സെക്രട്ടറി

<u>പകർപ്പ്:</u>
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
ജില്ലാ കളക്ടർ , തിരുവനന്തപുരം.
സെക്രട്ടറി, തിരുവനന്തപുരം കോർപ്പറേഷൻ
ശ്രീ.മണികണ്ഠൻ.എസ്, പുത്രക്കാട് കോളനി, തോമ്പാമൂട്ടം, റസ്സൽപുരം പി.ഒ, ബാലരാമപുരം,തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരളാ മിഷൻ, തിരുവനന്തപുരം.(ഈ ഉത്തരവ് വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി(ഇയു4/155/2021-തസ്വ.ഭ.വ)

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ